of seniority and other service matters, the Government had to evolve the general principles to be adopted for integration of the services and the Public Service Commission had also to be consulted. The general principles have been tentatively decided upon and necessary orders have been issued to Heads of Departments to proceed with the integration of services under their control".

ASSIGNMENT OF LAND FOR CULTIVATION

*289 [5] **Sri. P. S. Nataraja Pillai :** Will the Hon'ble Minister for Finance and Land be pleased to state the area allotted and cultivated in each of:—

(*a*) the Vandanmettu land colonisation scheme ;

(*b*) the Devicolam Reclamation scheme ;

(*c*) the Kunnathukal Reclamation scheme; and

(*d*) the Vaisserikandam Reclamation scheme, during the period March to September 1950 ?

Minister for Finance and Revenue **(Sri. A. J. John)** The answer is not ready.

LAND TAX

*290 [6] **Sri. A. M. Thomas :** Will the Hon'ble Minister for Finance and Revenue be pleased to state:—

(*a*) has the Government taken any steps in the matter of introducing uniformity with regard to Land Tax in the State; and

(*b*) does the Government contemplate to introduce legislation with regard to this matter in the near future ?

Minister for Finance and Revenue **(Sri. A. J. John):** (*a*) and (*b*)Necessary steps will be taken on the receipt ofthe Land Committee's report.

ശ്രീ. എ. എം. തോമസ്: ലാൻഡ് കമ്മിറ്റി റിപ്പോർട്ട് വരുമെന്നതിനെ കുറിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ: റിപ്പോർട്ട് ഈ അടുത്ത ദിവസം കിട്ടിട്ടുതായിട്ട് അറിയാം. വരുമെൻറിൽ കുറിയോ ഇല്ലയോ എന്നറിഞ്ഞുകൂടാ.

COURT FEE STAMPS

*291 [7] **Sri. A. M. Thomas:** Will the Hon'ble Mlnister for Finance and Revenue be pleased to state:—

(*a*) is the Government aware of the difficulties and consequent loss experienced by the litigant public for lack of court fee stamps of the requisite value ; and

(*b*) why has the Government not taken the necessary steps in this direction in spite of the assurances given in the last session of the Assembly ?

Minister for Finance and Reveue **(Sri. A. J. John) :**

(*a*) There have been some complaints regarding the shortage of court fee stamps in the lower denomination—8 anna stamps, 4 anna stamps, half anna stamps and copying papers. This was mostly due to the delay in getting the water-mark papers from mills at Calcutta due to the shortge of railway waggons. After repeated requests made to the railway authorities at Calcutta, it has been possible to get one waggon-load of papers and the folllowing stamps have been ready printed and supplied.

8 anna stamps	..	69,120
2 anna stamps	..	1,08,000
4 anna stamps	..	1,50,000
½ anna copying paper	..	24,962

It is expected that regular supply would be possible hereafter.

LIBRARY ARCHIVES Kerala Legislative Assembly

(b) Circular instructions have been issued to the officers concerned to see that sufficient stocks of stamp paper, etc., are always kept in the treasuries.

ശ്രീ. എ. എം. തോമസ്സ്. ഒന്നര അണയുടെ സ്റ്റാമ്പ് അടിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്.

ശ്രീ. എ. എം. തോമസ്സ്. ഇപ്പോൾ പറഞ്ഞതിൽ ആ വിവരം കാണുന്നില്ലല്ലോ?

ശ്രീ. എ. ജെ. ജോൺ: ഒന്നര അണയുടെ സ്റ്റാമ്പ് ഇപ്പോൾ വേണ്ടുവോളം ഉണ്ടായിരിക്കണം. അതുകൊണ്ട് കൂടുതൽ അടിക്കാൻ ഏർപ്പാട് ചെയ്തിരിക്കയില്ല.

ശ്രീ. എ. എം. തോമസ്സ്: ഒന്നര അണയുടെ സ്റ്റാമ്പ് പകരം കോടതിക്ക് അപേക്ഷ കൊടുക്കാൻ വേണ്ടിയുള്ളതാണ്. അതിപ്പോൾ കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഇപ്പോൾ കിട്ടുന്നില്ലെങ്കിൽ ഉടനെതന്നെ സപ്ലൈ ചെയ്യുന്നതിന് ഏർപ്പാട് ചെയ്യാം.

ശ്രീ. കെ. എസ്സ്. ജോസഫ്: സർവീസ് സ്റ്റാമ്പുകൾ ഇപ്പോൾ ആവശ്യത്തിനുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്.

ശ്രീ. കെ. എസ്സ്. ജോസഫ്: സർവീസ് സ്റ്റാമ്പ് ഇല്ലാത്തതുകൊണ്ട് പല ആഫീസ്സുകളിൽനിന്നും കൂലിഅടച്ച് എഴുത്തുകൾ അയക്കുന്നുണ്ടെന്നുള്ള വിവരം ശവമ്മെണ്ടിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ദൃഷ്ടിയിൽപ്പെട്ടിട്ടില്ല.

ശ്രീ. ഈപ്പൻ അറക്കൽ: പലപ്പോഴും കോട്ട്ഫീസ് സ്റ്റാമ്പുകളും മുദ്രപത്രങ്ങളും ആവശ്യത്തിന് കിട്ടാറില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ ഉത്തരമാണ് ഞാൻ നേരത്തെ പറഞ്ഞത്. അതായത് പേപ്പർ കിട്ടാതിരുന്നതുകൊണ്ട് ചില സമയങ്ങളിൽ ചിലയിടത്തു കിട്ടാതെ വന്നിട്ടുണ്ട്. പേപ്പർ കിട്ടിയതിനുശേഷം അവ അച്ചടിച്ചു സപ്ലൈ ചെയ്യുന്നതിന് ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഇപ്പോൾ എല്ലായിടത്തും കിട്ടുന്നുണ്ടെന്നുമാണറിയുന്നത്.

ശ്രീ. ഈപ്പൻ അറക്കൽ: പേപ്പർ കിട്ടിയതിനുശേഷംതന്നെ വളരെ അടുത്തകാലത്തു്, അതായതു്, രണ്ടോ മൂന്നോ ആഴ്ചകൾക്കു മുമ്പുവരെ പല സ്ഥലത്തും ഇവ കിട്ടിയിരുന്നില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങിനെ അറിവില്ല. എവിടെയെങ്കിലും കിട്ടുന്നില്ലെന്നറിയിച്ചാൽ ഉടനെതന്നെ സപ്ലൈ ചെയ്യുന്നതിന് ഏർപ്പാട് ചെയ്യാം. ഏതെങ്കിലും ഉദ്യോഗസ്ഥന്മാരുടെ വീഴ്ചകൊണ്ടാണ് അങ്ങിനെ സംഭവിക്കുന്നതെങ്കിൽ ആ വിവരം അറിയിച്ചാൽ ഉടനെ നടപടിയെടുക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇപ്പോൾ കിട്ടിയിട്ടുള്ള പേപ്പർകൊണ്ട് എത്രകാലത്തേക്ക് വേണ്ടുന്ന മുദ്രപത്രങ്ങളും കോട്ട്ഫീസ് സ്റ്റാമ്പുകളും സ്റ്റാക്ക് ചെയ്യാൻ സാധിക്കുമെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അടുത്തകാലത്തെങ്ങും പേപ്പറില്ലാതെ ബുദ്ധിമുട്ടേണ്ടിവരികയില്ല എന്നു പറയാം.

LIBRARY ARCHIVES Kerala Legislative Assembly

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: സ്റ്റാമ്പുകളും മുദ്രപത്രങ്ങളും ആവശ്യത്തിനു കിട്ടാതായതു ഏതുകാലം മുതൽക്കാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: ഒരു രണ്ടുമൂന്നു മാസത്തിനുമുമ്പ് മുതൽ ചിലയിനം സ്റ്റാമ്പുകളും മുദ്രപത്രങ്ങളും വേണ്ടുവോളം കിട്ടിയിരുന്നില്ലെന്നറിയാം.

Sri. D. Gnanasigamoni: May I know when the fresh supply was made?

ശ്രീ. എ. ജെ. ജോൺ: സപ്ലൈ ഇപ്പോഴും അയച്ചുകൊണ്ടിരിക്കുകയാണ്.

Sri. D. Gnanasigamoni: Are the Government aware that the ½ rupee stamps were not available till four days back?

Sri A. J. John: It is available now. If the member will make the necessary enquiries he will be satisfied that it is available in all the treasuries now.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽഅസീസ്: രണ്ടുരൂപ വിലക്കുള്ള സ്റ്റാമ്പുകൾ അടിച്ചു വിതരണം ചെയ്യുന്നതിന് വല്ല പ്രതിബന്ധവുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പ്രതിബന്ധമൊന്നുമില്ല. അതിപ്പോഴും അടിച്ചു വിതരണം ചെയ്യുന്നുണ്ട്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ്: രണ്ടുരൂപ വിലക്കുള്ള കോർട്ട്ഫീസ് സ്റ്റാമ്പുകൾ ഇപ്പോഴില്ല. പകരം എട്ടണയുടെ നാലു സ്റ്റാമ്പുകൾ ഉപയോഗിക്കയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. ജെ. ജോൺ: രണ്ടുരൂപയുടെ മാറ സ്റ്റാമ്പുകളില്ലെന്നേ ഉള്ളൂ രണ്ടുരൂപവിലക്കുള്ള മുദ്രപത്രങ്ങൾ ഉണ്ട്. അതുകൊണ്ട് പ്രത്യേകം സ്റ്റാമ്പായി അടിക്കേണ്ട ആവശ്യമില്ല. സ്റ്റാമ്പ് വാങ്ങി ഒട്ടിക്കുന്നതിനേക്കാൾ മുദ്രപത്രങ്ങൾ വാങ്ങുന്നതാണ് ലാഭവും. അതുകൊണ്ട് കടലാസ് പ്രത്യേകം വാങ്ങാതെ കഴിക്കാം.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ്: കോർട്ട്ഫീസ് സ്റ്റാമ്പുകളുടെ കാര്യമാണ് ഞാൻ ചോദിക്കുന്നത്. കൂടുതൽ വിലക്കുള്ള സ്റ്റാമ്പുകൾ ഇല്ലാത്തതുകൊണ്ട് ആവശ്യമുള്ള എട്ടണ സ്റ്റാമ്പുകൾ ഒട്ടിക്കയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങിനെ ചെയ്യാതെ കടലാസിനുതന്നെയും ക്ഷാമമുള്ള ഇക്കാലത്തു കൂടുതൽ വിലക്കുള്ള സ്റ്റാമ്പുകൾ അച്ചടിച്ചു വിതരണം ചെയ്യുന്നതു സൗകര്യമായിരിക്കയില്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. എ. ജെ. ജോൺ: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സ്റ്റാമ്പും മുദ്രപത്രങ്ങളും വില്ക്കുന്നതിനു പ്രൈവറ്റ് ഏജൻസികളെ ഏല്പിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: വെണ്ടറന്മാരെയാണ് ഏല്പിച്ചിരിക്കുന്നത്. മറ്റു പ്രൈവറ്റ് ഏജൻസികളെ ഒന്നും ഏല്പിച്ചിട്ടില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഏതെങ്കിലും വെണ്ടർ സ്റ്റാമ്പുകളും മുദ്രപത്രങ്ങളും കൂടുതൽ വിലവച്ചു വിറ്റതായി പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അങ്ങിനെ പരാതികൾ കിട്ടിയിട്ടില്ല. എതെങ്കിലും വെണ്ടർ അങ്ങിനെ ചെയ്യുന്നുണ്ടെങ്കിൽ അറിയിച്ചാൽ അതേപ്പറ്റി അന്വേഷിച്ചു ബോദ്ധ്യം വന്നാൽ ആ നിമിഷംതന്നെ അയാളുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly